DESPATCHED
On. 26/02/2020
16. 1. 20

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ CP.No.686(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.8705/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. കാദർ നാട്ടിക,
ജനറൽ സെക്രട്ടറി,
കേരള വികലാംഗക്ഷേമ സംഘടന,
സംസ്ഥാന കമ്മറ്റി,
പി.ഒ. കിഴക്കുംമുറി, തൃശ്ശൂർ – 680 571. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 06/04/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 14/05/2015 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 19/05/2015 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 23/05/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 03/01/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 13/01/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 14/01/2020 – സംസ്ഥാന വിവരാവകാശ കമ്മീഷൻ ഓഫീസ്, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. കാദർ നാട്ടിക, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ എതിർകക്ഷി യാതൊരു മറുപടിയും നൽകിയിട്ടില്ല എന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. പാലക്കാട് ജില്ലാ ആശുപത്രിയിലെ സൈക്യാട്രിക് ഡോക്ടർ, ബുദ്ധിവൈകല്യമുള്ള കുട്ടികൾക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് നൽകാത്തതിനെ കുറിച്ച് മേൽപ്പടി ഡോക്ടർക്കെതിരെ 9.3.2015 തീയതി

നൽകിയ പരാതി പ്രകാരം നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ പരാതിയിൽ എന്തു തുടർനടപടിയായി എന്നും

ii. ഇത്ര ദിവസമായിട്ടും തുടർ നടപടി എടുക്കാത്തത് എന്തുകൊണ്ടെന്നും മറ്റുമായി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, കേരള വികലാംഗ ക്ഷേമ സംഘടനയുടെ ജനറൽ സെക്രട്ടറി ശ്രീ. കാദർ നാട്ടിക എസ്.പി.ഐ.ഒ. & ആരോഗ്യ വകുപ്പു .ഡയറക്ടർ, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ സമർപ്പിച്ച 6.4.2015–ലെ അപേക്ഷ 27.4.2015 തീയതി സർക്കാരിൽ ലഭിച്ചു എന്നും പാലക്കാട് ജില്ലാ ആശുപത്രിയിലെ സൈക്യാട്രിക് ഡോക്ടർക്കെതിരെ നടപടി സ്വീകരിക്കുന്നതിനു വേണ്ടി 9.3.2015 തീയതി ഹർജിക്കാരൻ സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരങ്ങളാണ് ടിയാൻ ആവശ്യപ്പെട്ടിരുന്നത് എന്നും ഹർജിക്കാരന്റെ അപേക്ഷയിൽ പരാമർശിച്ച പരാതി ആരോഗ്യ വകുപ്പു ഡയറക്ടർക്കാണോ ആരോഗ്യ വകുപ്പു സെക്രട്ടറിയ്ക്കാണോ എന്നത് ടിയാന്റെ അപേക്ഷയിൽ വ്യക്തമാക്കിയിട്ടില്ലായിരുന്നു എന്നും ഹർജിക്കാരന്റെ പരാതി സർക്കാരിൽ ലഭിച്ചതായി കാണാൻ കഴിയാത്തതിനാൽ അക്കാര്യം വ്യക്തമാക്കി 14.5.2015 തീയതി ഹർജിക്കാരന് മറുപടി നൽകിയിരുന്നു എന്നും ഹർജിക്കാരൻ ആരോഗ്യ വകുപ്പു ഡയറക്ടർ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ 3.7.2015 തീയതി ആരോഗ്യ വകുപ്പിലെ എസ്.പി.ഐ.ഒ.ക്ക് ലഭ്യമായി എന്നും ആയതുപ്രകാരം 25.7.2015 തീയതി മറുപടി നൽകിയിട്ടുള്ളതാണെന്നും ആയതിന്റെ പകർപ്പ് കമ്മീഷൻ മുമ്പാകെ ഹാജരാക്കുന്നു എന്നുമാണ്.

4. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 16–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM